## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2089 | 05.12.2018 ൽ മറുപടിക്ക്

### രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്ക് പോലീസ് കാവൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണവും നിയമവാഴ്ചയും ഉറപ്പാക്കാൻ ഉത്തരവാദിത്തപ്പെട്ട പോലീസ് സേനയെ രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്ക് സ്ഥിരം കാവൽ ഏർപ്പെടുത്തുന്നതിന് നിയോഗിക്കാറുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ഏതൊക്കെ രാഷ്ട്രീയ പാർട്ടികളുടെ എത്ര ഓഫീസുകൾക്ക് വീതമാണ് പുതുതായി കാവൽ ഏർപ്പെടുത്തിയിരിക്കുന്നത്; എത്ര ഓഫീസുകൾക്ക് നിലവിലുള്ള പോലീസ് കാവൽ തുടർന്നു വരുന്നു; ഇതിനായി നിയോഗിച്ചിട്ടുള്ള ആകെ പോലീസ് സേനാംഗങ്ങളുടെ എണ്ണമെത്രയാണ്;<br><br>(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ പാർട്ടി ഓഫീസുകൾ, സ്മാരകങ്ങൾ, അനുബന്ധ ഇടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് എത്ര പോലീസുകാരെ ഉപയോഗിച്ചു; ഇതിനായി ആകെ എത്ര ഡ്യൂട്ടി (എണ്ണത്തിൽ) ഉപയോഗപ്പെടുത്തി; ഇതിനായി എന്ത് തുക ശമ്പളമുൾപ്പെടെ ചെലവാക്കി; വ്യക്തമാക്കുമോ? | (എ) യും (ബി) യും<br><br>സ്ഥിരം കാവൽ ഏർപ്പെടുത്തുന്നതിന് നിയോഗിക്കാറില്ല. എന്നാൽ ചില സാഹചര്യങ്ങളിൽ ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്ക് കാവൽ ഏർപ്പെടുത്താറുണ്ട്. ഇതിനായി ശമ്പളത്തിന് പുറമെ പ്രത്യേക തുകകളൊന്നും ചെലവായിട്ടില്ല. |

സെക്ഷൻ ഓഫീസർ